**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **18.10.2016 - ൽ മറുപടിക്ക്.**
**ചോദ്യം നമ്പർ : 3082**

# കപ്പൽ മാർഗ്ഗം മണൽ ഇറക്കുമതി

ചോദ്യം
ശ്രീ. പി.ടി.എ. റഹീം.

**മറുപടി**
**ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി).**

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് സിഡ്കോ ഇതര സംസ്ഥാനങ്ങളിൽ നിന്നും കപ്പൽ മാർഗ്ഗം മണൽ ഇറക്കുമതി ചെയ്യുന്നതിന് കരാർ ഉണ്ടാക്കിയിട്ടുണ്ടോ ; | (എ) : | ഉണ്ട്. |
| (ബി) | ഇതിനായി സിഡ്കോ മുൻകൂർ പണം നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര തുകയാണ് നൽകിയത് ; | (ബി) : | ഉണ്ട്. 2 കോടി രൂപ. |
| (സി) | ആരുമായാണ് ഇപ്രകാരം കരാർ ഉണ്ടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (സി) : | മെ. ലിങ്ക് ലാൻഡ് ട്രേഡേഴ്സ്, കൽക്കട്ട. പശ്ചിമ ബംഗാൾ. |
| (ഡി) | കരാർ അനുസരിച്ച് എത്ര മണൽ ഇറക്കുമതി ചെയ്തിട്ടുണ്ട്. ഇറക്കുമതി ചെയ്തിട്ടില്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ ; മുൻകൂർ നൽകിയ സംഖ്യ തിരിച്ച പിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ? | (ഡി) : | കരാർ അനുസരിച്ച് മണൽ ഇറക്കുമതി ചെയ്തിട്ടില്ല. കരാർ പ്രകാരം മെ. ലിങ്ക് ലാൻഡ് ട്രേഡേഴ്സ് തുടർ നടപടി സ്വീകരിക്കാത്തതാണ് കാരണം.<br>ധനലക്ഷ്മി ബാങ്കിൽ ലെറ്റർ ഓഫ് ക്രെഡിറ്റ് വ്യവസ്ഥ പ്രകാരം 2 കോടി രൂപ ഡിപ്പോസിറ്റ് ചെയ്ത്, ബാങ്ക് പ്രസ്തുത തുക സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ധനലക്ഷ്മി ബാങ്കിന് നോട്ടീസ് നൽകി പണം തിരിച്ചു പിടിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.